# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2065      26.03.2013 ൽ മറുപടിക്ക്

**മെമു സർവ്വീസിന്റെ സമയം ക്രമീകരിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാത്യു റ്റി. തോമസ്:<br>ശ്രീമതി ജമീലാ പ്രകാശം:<br>ശ്രീ. ജോസ് തെറ്റയിൽ:<br>ശ്രീ. സി.കെ. നാണു: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | രാവിലെയും വൈകുന്നേരവും ഓഫീസ് ജീവനക്കാരായ യാത്രക്കാരുടെ തിരക്കുമൂലം സംസ്ഥാനത്തെ പാസഞ്ചർ ട്രെയിനുകൾ നിറഞ്ഞ് കവിയുന്നത് കാരണം ഉണ്ടാകാനിടയുള്ള അപകടസാധ്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇതു പരിഹരിക്കുവാൻ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | 2013-14 ലെ റെയിൽവേ ബഡ്ജറ്റ് പ്രസംഗത്തിൽ പുതുതായി പുനലൂർ - കൊല്ലം, ഷൊർണ്ണൂർ - കോഴിക്കോട്, തൃശ്ശൂർ-ഗുരുവായൂർ പ്രതിദിന പാസഞ്ചർ ട്രെയിനുകൾ അനുവദിക്കുകയും മധുര-കൊല്ലം പാസഞ്ചർ പുനലൂർ വരെയും, എറണാകുളം - തൃശ്ശൂർ മെമു പാലക്കാട് വരെയും, കൊല്ലം - നാഗർഗോവിൽ മെമു കന്യാകുമാരി വരെയും നീട്ടിയിട്ടുമുണ്ട്. |
| (സി) | മെയിൻ ലൈൻ ഇലക്ട്രിക്കൽ മൾട്ടിപ്പിൾ യൂണിറ്റ് (മെമു) സർവ്വീസുകൾ ഓഫീസ് സമയങ്ങളിൽ ക്രമീകരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | ഇക്കാര്യം റെയിൽവേയുടെ ശ്രദ്ധയിൽ പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ